# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1929

## 08.03.2018 ലെ മറുപടിക്ക്

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന് ഫണ്ട് അഡ്വാൻസ്**

| | ചോദ്യം<br>ശ്രീ.കെ. ആൻസലൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്ഥാപിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിനു ഫണ്ട് അഡ്വാൻസ് ആയി നൽകുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | ആസ്തി വികസന നിധിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ '5475-00-800-91' എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. പ്രവൃത്തികളുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്നതായിരിക്കും. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് തന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളോടെ ശുപാർശയോടു കൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്. |
| (ബി) | ഡയാലിസിസ് കേന്ദ്രത്തിന്റെ നിർവ്വഹണ വിഭാഗമായ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ധനകാര്യ വിഭാഗത്തിൽ നിന്നും നേരിട്ടാണോ ഫണ്ട് നൽകുന്നത് എന്ന് വിശദീകരിക്കാൻ കഴിയുമോ; | ഡയാലിസിസ് കേന്ദ്രത്തിന്റെ നിർവ്വഹണ വിഭാഗമായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിൽ സ.ഉ.(പി) നം. 213/2015/ധന തീയതി 05.06.2015 പ്രകാരം ധനകാര്യ വകുപ്പിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഫണ്ട് നൽകുന്നതാണ്. |
| (സി) | ഫണ്ട് നൽകുന്നതിനു എത്ര കാലതാമസമുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ? | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡയാലിസിസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചതിന് ശേഷം പ്രവർത്തന പുരോഗതി വിലയിരുത്തി ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്യുന്ന ബില്ലുകൾ ഭരണവകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ